**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2408** **12-12-2022 - ൽ മറുപടിയ്ക്ക്**

**പ്രധാൻമന്ത്രി ഗരീബ് കല്യാൺ അന്ന യോജന പ്രകാരമുള്ള അരി വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ് | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പൊതുവിതരണ സമ്പ്രദായം വഴി നൽകുന്ന റേഷൻ അരിയിൽ പച്ചരി കൂടുതലും പുഴക്കലരി കുറവാണെന്നതുമായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; 2022–23 സാമ്പത്തിക വർഷം എത്ര അരിയാണ് കേന്ദ്രം അനുവദിച്ചിരിക്കുന്നതെന്നും ഓരോ മാസത്തെയും പുഴക്കലരിയുടേയും പച്ചരിയുടെയും അലോട്ട്മെന്റ് എത്ര വീതമാണെന്നും അറിയിക്കാമോ; | (എ) | ഉണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ നിലവിലുള്ള കേന്ദ്ര സർക്കാർ ഉത്തരവുകൾ പ്രകാരം പൊതുവിതരണത്തിനായി ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം ആകെ 1224580.244 മെ.ടൺ അരിയും പ്രധാനമന്ത്രി ഗരീബ് കല്യാൺ അന്നയോജന പദ്ധതി പ്രകാരം ആകെ 635205.9426 മെ.ടൺ അരിയും വെൽഫെയർ സ്ഥാപനങ്ങൾക്കുള്ള വിതരണത്തിനായി 2382.18 മെ.ടൺ അരിയും അനുവദിച്ചിട്ടുണ്ട്. പുഴക്കലരിയുടെയും പച്ചരിയുടെയും അളവ് പ്രത്യേകം നിർദ്ദേശിച്ചുകൊണ്ടുള്ള ഉത്തരവുകൾ ലഭ്യമാകാറില്ല. |
| (ബി) | കേന്ദ്ര സർക്കാർ മുൻഗണന വിഭാഗം റേഷൻ കാർഡ് ഉടമകൾക്ക് നൽകാൻ പ്രധാൻമന്ത്രി ഗരീബ് കല്യാൺ അന്ന യോജന (പി.എം.ജി.കെ.എ.വൈ.) പ്രകാരം നൽകുന്ന അരിയുടെ കേരളത്തിലെ വിതരണത്തിൽ ഓഗസ്റ്റ് മുതലുള്ള മാസങ്ങളിൽ കുറവുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; 2022–23 വർഷത്തിൽ ഓരോ മാസവും കേന്ദ്ര സർക്കാർ ഈ പദ്ധതി പ്രകാരം അനുവദിച്ച അരിയും കേരളം വിതരണം ചെയ്ത അരിയും എത്രയാണെന്ന് വെളിപ്പെടുത്തുമോ; | (ബി) | ഇത്തരത്തിൽ ചില മാധ്യമങ്ങളിൽ വന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2022 സെപ്റ്റംബർ ക്വാട്ടയിലേക്കുള്ള ഭക്ഷ്യ ധാന്യത്തിന്റെ FCI യിൽ നിന്നുള്ള വിട്ടെടുപ്പിന് ചില തടസ്സങ്ങൾ നേരിട്ടിരുന്ന സാഹചര്യത്തിൽ 2022 സെപ്റ്റംബർ മാസത്തിലെ വിതരണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് തടസ്സം നേരിട്ടിരുന്നു. 2022-23 സാമ്പത്തിക വർഷത്തിൽ ഓരോ മാസവും കേന്ദ്ര സർക്കാർ പ്രധാനമന്ത്രി ഗരീബ് കല്യാൺ അന്നയോജന പദ്ധതി പ്രകാരം അനുവദിച്ചതും വിതരണം നടത്തിയതുമായ അരിയുടെ കണക്ക് അനുബന്ധമായി ചേർക്കുന്നു. |
| (സി) | പ്രസ്തുത പദ്ധതി പ്രകാരമുള്ള അരി മുഴുവൻ വാങ്ങാൻ സാധിക്കാത്ത മുൻഗണന റേഷൻ കാർഡ് അംഗങ്ങൾക്ക് അടുത്ത മാസത്തേക്ക് അരി വിതരണം നീട്ടി നൽകിയിരുന്നോ; ഇങ്ങനെ നീട്ടി നൽകിയപ്പോൾ ഒട്ടും അരി വാങ്ങാത്തവർക്ക് മാത്രമാണ് അവസരം നൽകിയതെന്നും ബാക്കിയുള്ളവരെ ഒഴിവാക്കി എന്നുമുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | 2022 സെപ്റ്റംബർ മാസത്തിലെ വിഹിതം വാങ്ങാത്തവർക്ക് 2022 ഒക്ടോബർ മാസത്തിൽ വാങ്ങുന്നതിനും 2022 ഒക്ടോബർ മാസത്തിലെ വിഹിതം 2022 നവംബർ 15 വരെ വാങ്ങുന്നതിനുമുള്ള ക്രമീകരണം ചെയ്തു നൽകിയിരുന്നു. എന്നാൽ റേഷൻ വിഹിതം ഭാഗികമായി വാങ്ങിയ കാർഡുകളിൽ ബാക്കി അളവ് carry over ചെയ്യുന്നതിന് സാങ്കേതികമായി |

| | | | |
|---|---|---|---|
| | | | തടസ്സമുണ്ടെന്ന് NIC ഹൈദ്രാബാദിൽ നിന്ന് അറിയിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത പദ്ധതി പ്രകാരം ലഭിക്കുന്ന അരി മുഴുവൻ വിതരണം ചെയ്യാതെ ബാക്കി വന്നാൽ മുൻഗണനേതര കാർഡ് ഉടമകൾക്ക് നൽകാറുണ്ടോ; എങ്കിൽ ഇതിന് സ്വീകരിക്കുന്ന മാനദണ്ഡം എന്താണെന്ന് വെളിപ്പെടുത്താമോ? | (ഡി) | പ്രധാനമന്ത്രി ഗരീബ് കല്യാൺ അന്നയോജന പദ്ധതി പ്രകാരം ലഭിക്കുന്ന ഭക്ഷ്യധാന്യങ്ങളുടെ നീക്കിയിരിപ്പ് ഇതേ പദ്ധതിയിലോ ഭക്ഷ്യ ഭദ്രതാ നിയമ പ്രകാരമുള്ള അലോട്ട്മെന്റിലോ കേന്ദ്ര സർക്കാർ കുറവു ചെയ്യുകയാണ് ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

(അളവ് മെ.ടണ്ണിൽ )

| **മാസം** | **കേന്ദ്ര സർക്കാർ അനുവദിച്ചത്** | **വിതരണം നടത്തിയത്** |
|---|---|---|
| Apr-22 | 61670.45062 | 56352.929 |
| May-22 | 77400.06 | 57733.688 |
| Jun-22 | 77400.06 | 82392.625 |
| Jul-22 | 77400.06 | 72449.178 |
| Aug-22 | 41806.237 | 74209.86 |
| Sep-22 | 67328.895 | 62782.64 |
| Oct-22 | 77400.06 | 79186.98 |
| Nov-22 | 77400.06 | 74470.335 |
| Dec-22 | 77400.06 | |
| Jan-23 | | |
| Feb-23 | | |
| Mar-23 | | |
| **ആകെ** | **635205.9426** | **559578.235** |

**സെക്ഷൻ ഓഫീസർ**